# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3098**

**21-06-2013 ൽ മറുപടിയ്ക്ക്**

## വയനാട് ജില്ലയിൽ ലീഡ്സ് പദ്ധതി

**ചോദ്യം**

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ലീഡ് ഫാർമർ സെന്റേർഡ് എക്സ്റ്റൻഷൻ അഡൈ്വസറി ഡെലിവറി സർവ്വീസ് (എൽ.ഇ.എ.ഡി.എസ്) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(എ)

1. വ്യക്തമായ ഇടവേളകളിൽ ഫീൽഡ് അസിസ്റ്റന്റ് , കൃഷി ആഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ തെരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് വേണ്ട സാങ്കേതിക ഉപദേശങ്ങൾ നല്കുന്നു.
2. പുരോഗമന കർഷകരെ കേന്ദ്രീകരിച്ച് ഗ്രൂപ്പുകൾ രൂപീകരിച്ച് കാർഷിക സാങ്കേതിക വിദ്യകൾ കർഷകർക്ക് പകർന്ന് കൊടുക്കുകയാണ് ലക്ഷ്യം. ഇങ്ങനെ കണ്ടെത്തുന്ന കർഷകരെ ലീഡ് ഫാർമർ എന്നും ഗ്രൂപ്പുകളെ സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പുകൾ എന്നുമാണ് അറിയപ്പെടുന്നത്.
3. മാസാന്ത്യത്തിൽ തയ്യാറാക്കുന്ന കാർഷിക സാങ്കേതിക നിർദ്ദേശങ്ങൾ കർഷകരിൽ എത്തിക്കുന്നു. ഫീൽഡ് സന്ദർശനത്തിലൂടെ കർഷകരിൽ നിന്നും ലഭ്യമാകുന്ന പ്രശ്നങ്ങൾ പരിഹാരത്തിനായി ഗവേഷകരിൽ എത്തിക്കുന്നു.
4. മൊബൈൽ ഫോൺ മുഖേന കർഷകരുമായി വിജ്ഞാന വ്യാപനം, ഓഡിയോ കോൺഫറൻസിംഗ് എന്നിവ നടപ്പിലാക്കുവാൻ കഴിയുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ലീഡ് ഫാർമർമാരെയും സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പുകളെയും തെരഞ്ഞെടുക്കുകയും അവർക്ക് അനുവദിച്ച ഇന്നോവേഷൻ ഫണ്ടും ടെക്നോളജി ഡിസെമിനേഷൻ ഫണ്ടും നൽകുകയും ചെയ്തു. ഇവർക്കും ഈ വിഷയവുമായി ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥർക്കും വിവര സാങ്കേതിക വിദ്യകൾ എളുപ്പത്തിൽ എത്തിച്ചുകൊടുക്കുന്നതിനായി മൊബൈൽ ഫോണുകൾ വാങ്ങി നൽകി. പരിശീലനം, ബോധവല്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. |
| (സി) | ഇതിനായി ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | 13.56 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും വകയിരുത്തിയ തുകയുടെ വിശദാംശവും ലഭ്യമാക്കുമോ? | (ഡി) | ലീഡ് ഫാർമർ, സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പ് ഇവർക്കുള്ള ഇന്നവേഷൻ, ടെക്നോളജി ഡിസെമിനേഷൻ ഫണ്ട്, മന്തിലി ടെക്നോളജി അഡ്വൈസ് തയ്യാറാക്കൽ, മൊബൈൽ കണക്ഷൻ ചാർജ്, ട്രെയിനിംഗ്, ബോധവല്കരണ പരിപാടികൾ, മാനേജ്മെന്റ് കോസ്റ്റ്, ഓപ്പറേഷണൽ കോസ്റ്റ് എന്നീയിനങ്ങളിലേക്കായി 34.85 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ